മി. സ്പീക്കർ : ശ്രീ. പി. സി. ജോർജ് തുടങ്ങിയ മെമ്പർമാർ ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് തന്നിട്ടുണ്ട്. പക്ഷേ ഒരു അടിയന്തിര പ്രമേയ
9.30 a. m.] മായിട്ട് അത് അനുവദിക്കാൻ പ്രയാസമാണ്. വിഷയത്തിനു പ്രാധാന്യം നൽകി സബ്മിഷനായിട്ട് അനുവദിക്കുന്നു.

II. ശ്രദ്ധക്ഷണിക്കൽ

(1) സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ കരാർ നിയമനങ്ങൾ

ശ്രീ. എം. കുമാരൻ : സർ, സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാസ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടന്നു വരുന്നു. ഇത്തരം ഗുരുതരമായ പ്രശ്നങ്ങളെക്കുറിച്ചാണ് ഞാൻ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം ഏകദേശം 40 ലക്ഷത്തോളം വരുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ തൊഴിലില്ലായ്മയുടെ രൂക്ഷതയാണ് ഇതിൽ നിന്നു വ്യക്തമാകുന്നത്. പി.എസ്.സി. ലിസ്റ്റുകൾ നിലവിലില്ലാത്ത അവസരങ്ങളിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി നൽകാൻവേണ്ടി ഉണ്ടാക്കിയതാണ് ഈ സംവിധാനം. എന്നാൽ അടുത്തകാലത്തായി കണ്ടു വരുന്ന ഒരു പ്രവണത ഒഴിവുള്ള തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നു നിയമനം നടത്തുന്നതിനു പകരം ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ റിപ്പോർട്ടു ചെയ്യാതെ വകുപ്പ് മേധാവികൾ തന്നിഷ്ടപ്രകാരം തങ്ങളുടെ പാർശ്വവർത്തികളെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിക്കുകയാണ്. ഇത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് തൊഴിലിനുവേണ്ടി വർഷങ്ങളായി കാത്തിരിക്കുന്ന ലക്ഷക്കണക്കായ തൊഴിലില്ലാത്ത ചെറുപ്പക്കാരോട് കാണിക്കുന്ന ക്രൂരതയാണ്. സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യാതെ ദിവസക്കൂലി അടിസ്ഥാനത്തിൽ പിൻവാതിൽ നിയമനം നടത്തുകയാണ്. 40 ലക്ഷത്തോളം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരായി ഉള്ളപ്പോൾ പ്രതിവർഷം ശരാശരി ആയിരം പേർക്കാണ് സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമനം നൽകുന്നത്. ഇതിൽനിന്നുതന്നെ ഒരു കാര്യം പകൽപോലെ വ്യക്തമാണ്; സംസ്ഥാനത്ത് പിൻവാതിൽ നിയമനം നടക്കുന്നു; ദുർബല ജനവിഭാഗങ്ങൾക്ക് അവകാശപ്പെട്ട സംവരണതത്വം അട്ടിമറിക്കപ്പെടുന്നു. മറ്റൊരു പ്രധാന കാര്യം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം ക്രമേണ കുറഞ്ഞു വരുന്നു. ഇതിനർത്ഥം ഇവിടെ തൊഴിലില്ലായ്മ കുറഞ്ഞു വരുന്നു എന്നല്ല; മറിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെക്കുറിച്ചുള്ള യുവാക്കളുടെ വിശ്വാസം നഷ്ടപ്പെടുന്നു എന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് കോടിയേരി ബാലകൃഷ്ണന് 3-2-2005-ന് നൽകിയ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിനുള്ള മറുപടിയിൽ, 2001 ഏപ്രിൽ മുതൽ 2004 വരെ ഓരോ വർഷവും സർക്കാർ സർവ്വീസിലും അർദ്ധസർക്കാർ-പൊതുമേഖലാസ്ഥാപനങ്ങളിലും താൽക്കാലികവും

LIBRARY ARCHIVES Kerala Legislative Assembly

ദിവസവേതനയടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴിയും നിയമനം നടത്തിയതിന്റെ കണക്ക് പറയുന്നുണ്ട്. 2004 ഡിസംബർ മാസം വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ എണ്ണം 38,00,224 ആണ്. അതിൽത്തന്നെ പ്രൊഫഷണൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർ 57,936 ആണ്. അത് പ്രത്യേകം എടുത്തു പറയുന്നുണ്ട്. 2001-ൽ 9,992 പേർക്ക് തൊഴിൽ നൽകിയെന്നും 2002-ൽ 11,538 പേർക്ക് തൊഴിൽ നൽകിയെന്നും 2003-ൽ 10,162 പേർക്ക് തൊഴിൽ നൽകിയെന്നും 2004-ൽ 7,396പേർക്ക് തൊഴിൽ നൽകിയെന്നും പറയുന്നു. അങ്ങനെ ഓരോ വർഷവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് തൊഴിൽ നൽകുന്നത് ക്രമേണ കുറഞ്ഞു വരുന്നതായിട്ടാണ് സൂചിപ്പിക്കുന്നത്. അതുപോലെതന്നെ 2004 ഡിസംബർ 31-വരെ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 3,800,224 പേര് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അതിൽ തൊഴിൽരഹിതവേതനം വാങ്ങുന്നവർ 387,370 പേരാണെന്നും ശ്രീ. കെ. വി. കുഞ്ഞിരാമൻ, എം. എൽ. എ.-യ്ക്ക് 3-2-2005-ൽ നക്ഷത്രചിഹ്നമിടാത്ത ഒരു ചോദ്യത്തിന് ഉത്തരം കൊടുത്തിരിക്കുന്നു. കഴിഞ്ഞ 27 മാസക്കാലമായി വേതനം നൽകാതിരിക്കുന്നു. തൊഴിൽരഹിതർക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സമാശ്വാസ സഹായമാണ് തൊഴിലില്ലായ്മ വേതനം. ഇതൊക്കെ സൂചിപ്പിക്കുന്നത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന് പറയപ്പെടുന്ന സ്ഥാപനം നോക്കുകുത്തികളായി ഈ സംസ്ഥാനത്ത് നിലനിൽക്കുന്നു എന്നതാണ്. തൊഴിലില്ലായ്മ ഏറിവരുന്ന സംസ്ഥാനമെന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലുള്ള വിശ്വാസം ഉറപ്പുവരുത്താൻ സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി. ലിസ്റ്റ് നിലവിലില്ലെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ റിപ്പോർട്ട് ചെയ്യണമെന്നു ബഹുമാനപ്പെട്ട വകുപ്പു മേധാവികൾക്ക് കർശന നിർദ്ദേശം നൽകണം. പ്രസ്തുത ഒഴിവുകളിലേയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി സംവരണതത്വം പാലിച്ചുകൊണ്ട് നിയമനം നടത്താൻ നടപടി സ്വീകരിക്കണമെന്നു ഞാൻ ഈ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ആവശ്യപ്പെടുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഇക്കാര്യത്തിൽ പുതിയ ഡെവലപ്മെന്റ് ഉണ്ട്. അത് പറയാൻ എനിക്ക് അവസരം തരണം. കമ്പൽസറി നോട്ടിഫിക്കേഷൻ വേക്കൻസീസ് ആക്ട് അനുസരിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലും അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും ഉള്ള വേക്കൻസികൾ അതാത് വകുപ്പ് തലവന്മാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നോട്ടിഫൈ ചെയ്യണമെന്നതാണ് വ്യവസ്ഥ. 2002- ൽ ഉണ്ടായ ഒരു സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇത് അങ്ങനെ കമ്പൽസറിയായിട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ മാത്രം നോട്ടിഫൈ ചെയ്താൽ പോരായെന്നും പത്രങ്ങളിൽ പരസ്യം ചെയ്ത് ലഭിക്കുന്ന അപേക്ഷകൾ കൂടി പരിഗണിച്ചു വേണം ഇതിൽ നടപടി സ്വീകരിക്കാൻ എന്നും ഒരു പുതിയ വിധി വന്നു. നിയമസഭയിൽ ഈ പ്രശ്നം വന്നതിനുശേഷം ഞാൻ കമ്പൽസറി നോട്ടിഫിക്കേഷൻ വേക്കൻസീസ് ആക്ട് അനുസരിച്ചുള്ള സർക്കുലർ എല്ലാ ഭരണത്തലവന്മാർക്കും പ്രത്യേകം

LIBRARY ARCHIVES Kerala Legislative Assembly

അയച്ചു. ഇങ്ങനെ കമ്പൽസറിയായിട്ട് ഈ വേക്കൻസികൾ നോട്ടിഫൈ ചെയ്യണമെന്നും അത് റിപ്പോർട്ട് ചെയ്യണമെന്നും അതിൽ നിന്നു മാത്രം നിയമനം നടത്താൻ പാടുള്ളുയെന്നും കർശനമായ നിർദ്ദേശം നൽകിക്കൊണ്ട് 11-887/ജി 2/തൊഴിൽ നമ്പർ പ്രകാരം ഒരു സർക്കുലർ അയച്ചു. ഇക്കാര്യത്തിൽ കേരളത്തിലെ 'ലോകായുക്ത' സുവോമോട്ടോ ഒരു കേസ് എടുത്തു. അതിൻമേൽ വന്ന വിധിപ്രകാരം ഈ സർക്കുലർ ക്വാഷ് ചെയ്യണമെന്നാണ് ഗവൺമെന്റിന് കിട്ടിയിരിക്കുന്ന ഡയറക്ഷൻ. ഇങ്ങനെ കമ്പൽസറിയായിട്ട് നോട്ടിഫൈ ചെയ്യണമെന്നു വകുപ്പ് തലവന്മാരെ നിർബന്ധിക്കാൻ പാടില്ലെന്നും അവർക്ക് പത്രത്തിൽ നോട്ടിഫൈ ചെയ്ത് എടുക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്നും ഈ സർക്കുലർ ക്യാൻസൽ ചെയ്യണമെന്നുമാണ് ഇപ്പോൾ ലോകായുക്ത വിധിച്ചിരിക്കുന്നത്. ഞങ്ങൾ അതിനെ സംബന്ധിച്ചിടത്തോളം കമ്പൽസറി നോട്ടിഫിക്കേഷൻ വേക്കൻസീസ് ആക്ട് അനുസരിച്ച് ഹൈക്കോടതിയിൽ അപ്പീൽ നിലനിൽക്കുമോ എന്നു പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ഹൈക്കോടതിയിൽ അപ്പീൽ കൊടുക്കാനുള്ള ശ്രമത്തിലാണ് ഞങ്ങൾ. ഈ സർക്കുലർ ക്യാൻസൽ ചെയ്യണമെന്നാണ് ഇപ്പോൾ 'ലോകായുക്ത' തന്നിരിക്കുന്ന നിർദ്ദേശം. അതാണ് സാഹചര്യം. അങ്ങനെ വരുകയാണെങ്കിൽ ബഹുമാനപ്പെട്ട അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തു കാത്തുനിൽക്കുന്ന ഉദ്യോഗാർത്ഥികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകും. കമ്പൽസറി നോട്ടിഫീക്കേഷൻ വേക്കൻസീസ് ആക്ട് അനുസരിച്ചാൽത്തന്നെ നമ്മുടെ സംസ്ഥാനത്ത് 2000-ൽ താഴെ താൽക്കാലിക നിയമനമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾവഴി നടന്നുകൊണ്ടിരിക്കുന്നത്. അതും ആറ് മാസത്തേയ്ക്കുള്ള നിയമനമാണ്. ആറ് മാസം എന്നുള്ളത് ഒരു വർഷമെങ്കിലും ആക്കണമെന്ന് ഞങ്ങൾ കേന്ദ്രത്തിൽ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. ആറ് മാസം എന്നുപറയുന്നത്, എല്ലാവർക്കും അറിയാം, 10-28 വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുമ്പോഴാണ് ആറ് മാസത്തേയ്ക്കുള്ള ഒരു അവസരം കിട്ടുന്നത്. ആറ് മാസമെന്നുള്ളത് ഒരു വർഷമെങ്കിലും ആക്കണം. എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനിലൊക്കെ അത് ഒരു വർഷമാക്കിയിട്ടുണ്ട്. അത് ബാക്കിയുള്ളിടത്തുകൂടി ബാധകമാക്കണം എന്നുള്ള നിലയിൽ, ഇതൊരു കേന്ദ്ര നിയമം ആയതുകൊണ്ട് കേന്ദ്ര സർക്കാരിന്റെ കൂടി തീരുമാനം ഈ കാര്യത്തിൽ ആവശ്യമാണ്. ഇപ്പോൾ 'ലോകായുക്ത' വിധി വന്നിരിക്കുന്നത് ഇതൊന്നും പ്രശ്നമല്ല, പത്രത്തിൽ നോട്ടിഫൈ ചെയ്ത് തലവന്മാർക്ക് എടുക്കാമെന്നും, അതിന്റെ പേരിൽ വകുപ്പു തലവന്മാരുടെ പേരിൽ ഒരു നടപടിയും സ്വീകരിക്കുവാൻ പാടില്ല എന്നുമാണ്. ഇതാണ് വസ്തുത.

ശ്രീ. എം. കുമാരൻ : സർ, അത് അടിസ്ഥാന പ്രശ്നമായി കാണാനും അതിനനുസരിച്ച് സാമ്പത്തിക-തൊഴിൽ നയങ്ങൾ രൂപീകരിക്കാനും വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ പരിഹരിക്കാൻവേണ്ടി തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ : സർ, തൊഴിൽ വകുപ്പിന്റെ മാത്രമായ നിലയിൽ നിന്നുകൊണ്ട് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനനുകൂലമായ സാഹചര്യം സൃഷ്ടിക്കാനുള്ള തൊഴിൽ നയമാണ് നമ്മൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. പുതിയ വ്യവസായങ്ങൾ ആരംഭിച്ച് പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതോടെ

LIBRARY ARCHIVES Kerala Legislative Assembly

മാത്രമേ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയൂ. അതിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ എല്ലാവരുടെയും സഹായസഹകരണങ്ങൾ ഉണ്ടാകണം. തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ കണ്ടില്ലെന്നു നടിച്ചുകൊണ്ട് ഒരു പ്രസ്ഥാനത്തിനും മുന്നോട്ട് പോകാൻ കഴിയുകയില്ല. അതുകൊണ്ട് ഇവിടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുമെങ്കിൽ മാത്രമേ തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കാണാൻ കഴിയൂ. അതിന് എല്ലാവരുടെയും സഹായസഹകരണങ്ങൾ ഞാൻ അഭ്യർത്ഥിക്കുന്നു.

(2) വഴിയോര കച്ചവടക്കാരുടെ ദയനീയാവസ്ഥ

പ്രൊഫ. എ. ഡി. മുസ്തഫ: സർ, സമൂഹത്തിൽ ഏറ്റവുമധികം കഷ്ടപ്പെടുന്ന ഒരു വിഭാഗം തൊഴിലാളികളാണ് കച്ചവടക്കാർ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന വഴിയോര വാണിഭക്കാർ. പട്ടണങ്ങളിലെ നിരത്തുകളിലും ഉത്സവപ്പറമ്പുകളിലും ചന്തകളിലുമൊക്കെ ആയിരക്കണക്കിനു യുവതീയുവാക്കന്മാർ, മറ്റൊരു ഗതിയും ഇല്ലാത്തതുകൊണ്ട്, അഭ്യസ്തവിദ്യരും അല്ലാത്തവരും ഒരു ജീവിത മാർഗ്ഗമായി, ഉപാധിയായി കണ്ടെത്തിയ ഒരു ഏർപ്പാടാണ് ഈ വഴിയോര വാണിഭം. അവരുടെ സ്ഥിതി പരമ ദയനീയമാണ്. ഉദ്യോഗസ്ഥന്മാരുടെ ക്രൂരമായ നടപടികൾ, ഗുണ്ടകളുടെ സ്ഥിരമായ പണപ്പിരിവ്, പോലീസിന്റെ ഇടപെടൽ ഇങ്ങനെ നാനാതരത്തിലുള്ള പ്രയാസങ്ങൾ സഹിച്ചുകൊണ്ട് ജീവിത മാർഗ്ഗം കണ്ടെത്തുന്ന പതിനായിരക്കണക്കിന് ആളുകൾ ഈ വിഭാഗത്തിലുണ്ടെന്ന് ഞാൻ ഓർമ്മപ്പെടുത്തുകയാണ്. ഇവർ കച്ചവടം ചെയ്യുന്നതുകൊണ്ട് ഇവരുടെ ജീവിത മാർഗ്ഗം നടക്കുന്നുവെന്ന് മാത്രമല്ല സാധാരണക്കാർക്ക് തുച്ഛമായ വിലയ്ക്ക് വസ്ത്രങ്ങൾ അടക്കമുള്ള സാധനങ്ങൾ വാങ്ങുവാനും സാധിക്കുന്നു. ഇവരുടെ കാര്യത്തെക്കുറിച്ച് നിരന്തരമായി പരാതിപ്പെടുകയുണ്ടായിട്ടുണ്ട്. എൻ.ഡി.എ. ഗവൺമെന്റിന്റെ കാലത്ത് ബഹുമാനപ്പെട്ട അന്നത്തെ കേന്ദ്ര തൊഴിൽ വകുപ്പുമന്ത്രി ട്രേഡ് യൂണിയൻ നേതാക്കന്മാരെയൊക്കെ വിളിച്ചുചേർത്ത് ഇവർക്ക് ചില ക്ഷേമനിധികൾ ഏർപ്പെടുത്തിയ കാര്യം പത്രങ്ങൾ മുഖേന അറിയാൻ കഴിഞ്ഞു. ബഹുമാന്യനായ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി ആയിരുന്ന സാഹചര്യത്തിൽ പോലീസുകാരുടെ ക്രൂരമായ വിനോദങ്ങളിൽനിന്ന് ഇവരെ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ഒന്നു രണ്ടു തവണ എഴുത്തു കൊടുക്കുകയും അതിന്റെ കോപ്പി എസ്.പി.-മാർക്ക് അയച്ചു കൊടുക്കുകയും ചെയ്തിട്ടും, ഇന്നും, ഇവരുടെ ദുഃസ്ഥിതിക്ക് ഒരു പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് സൂചിപ്പിക്കുകയാണ്. ഈ കച്ചവട മാർഗ്ഗമൊന്നും നിയമവിധേയമായ കച്ചവടമല്ല. അതേ സമയത്തുതന്നെ സാമൂഹ്യ ബാദ്ധ്യതയുള്ള ഒരു സർക്കാർ എന്നുള്ള നിലയിൽ കഴിവില്ലാത്ത, മറ്റൊരു മാർഗ്ഗവും ഇല്ലാത്തവരുടെ കാര്യത്തിൽ ചില സൗകര്യങ്ങൾ ചെയ്തു കൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇത്തരം ആളുകൾക്ക് പട്ടണ പ്രദേശങ്ങളിൽ കച്ചവടം ചെയ്യാൻ വേണ്ടി ഏരിയകൾ മാർക്ക് ചെയ്തു കൊടുത്താൽ ട്രാഫിക്കിനോ മറ്റ് കച്ചവടക്കാർക്കോ പ്രയാസം ഇല്ലാത്ത രൂപത്തിൽ കാര്യങ്ങൾ നിർവ്വഹിക്കുവാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ എല്ലാത്തരം തൊഴിലാളികൾക്കും വെൽഫയർ ഫണ്ടും പെൻഷനുമൊക്കെ നല്കുന്ന ഈ കാലത്ത്, എൻ.ഡി.എ. ഗവൺമെൻറിന്റെ കാലത്ത് എടുത്ത തീരുമാനമനുസരിച്ച് ഇവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ സഭയോട് ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly